# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6034 - 02/04/2018 -ലെ മറുപടിക്ക്

## സർക്കാരിന്റെ ആദ്യ വർഷത്തെ പദ്ധതി പ്രവർത്തനം

ചോദ്യം

ഉത്തരം

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഈ സർക്കാരിന്റെ ആദ്യ വർഷത്തെ പദ്ധതി പ്രവർത്തനം (2016-17) അവലോകനം നടത്തിയിട്ടുണ്ടോ; | നടത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പ്രവർത്തനത്തിന്റെ അവലോകനം നടത്തുകയും ചെയ്യാറുണ്ട്.<br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലൊരിക്കലും, കൂടാതെ എല്ലാ വകുപ്പിലെയും പ്രധാനപ്പെട്ട പ്രോജക്ടുകൾ പ്രത്യേകമായും അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്. |
| ബി | പദ്ധതി അടങ്കൽ എത്ര കോടി രൂപയായിരുന്നു; ചെലവഴിച്ചത് എത്ര കോടി രൂപയാണ് ; ചെലവഴിക്കാൻ കഴിയാതെ പോയത് എത്ര കോടി രൂപയാണ്? | 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 24000 കോടി രൂപയായിരുന്നു. ഈ സാമ്പത്തിക വർഷം എസ്.ഡി.ജി മുഖേന അനുവദിച്ച ചെലവുകൾ ഉൾപ്പെടെ 24470.73 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ